റിച്ച് ഒരു പഠനം നടത്താൻ കേരള സർവ്വകലാശാലയുടെ വിദ്യാഭ്യാസ വിഭാഗത്തെ കൺസൾട്ടന്റായി നിയോഗിച്ചിരുന്നു. ഇതിനു കേന്ദ്ര സർക്കാരിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അനുമതിയും ലഭിച്ചിരുന്നു. 17.2.97 മുതൽ 26.5.97 വരെയുള്ള കാലയളവിൽ നടത്തിയ പഠനത്തിന് 4 ലക്ഷം രൂപയായിരുന്നു കൺസൾട്ടൻസി ഫീസായി നിശ്ചയിച്ചിരുന്നത്. 31.3.98 നുള്ളിൽ നാലു തവണകളായി 3,83,990 രൂപ ഡി.പി.ഇ.പി. യിൽ നിന്ന് നൽകുകയുണ്ടായി. അഞ്ചു ശതമാനം ആദായനികുതിയും ഈടാക്കി. ഈ തുക കൈപ്പറ്റിയത് കേരള സർവ്വകലാശാല ഫിനാൻസ് ഓഫീസറാണ്. ഒരു കമ്മിറ്റി പരിശോധന നടത്തിയശേഷമാണ് ഡി.പി.ഇ.പി. റിപ്പോർട്ട് സ്വീകരിച്ചത്. ഈ പഠന റിപ്പോർട്ടിനെപ്പറ്റി ഡി.പി.ഇ.പി.യിൽ പ്രത്യേകമായ പരാതിയൊന്നും ലഭിച്ചിട്ടില്ല. ഇതിനെക്കുറിച്ച് വന്ന പത്രവാർത്ത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ നിജ:സ്ഥിതിയെക്കുറിച്ച് അന്വേഷിക്കാൻ യൂണിവേഴ്സിറ്റിയോട് അവശ്യപ്പെടുകയാണ്. 1997 മാർച്ച് 31-നു മുൻപ്, അതുവരെയുള്ള സിസ്റ്റത്തിന്റെ കാര്യത്തിൽ എങ്ങനെയാണ് നടക്കുന്നതെന്നു പഠിക്കാനാണ് കൺസൾട്ടന്റിനെ നിയമിച്ചത്. അതിനുവേണ്ടിയുള്ള ഈ പ്രോജക്ടിനെ സംബന്ധിച്ച ആവശ്യം യൂണിവേഴ്സിറ്റിയിലും അറിയിച്ചിരുന്നു. യൂണിവേഴ്സിറ്റിയിലെ മേൽപ്പറഞ്ഞ ഡിപ്പാർട്ട്മെന്റ് അതിനുള്ള അനുവാദവും ചോദിച്ചിരുന്നു. ഫോർമലായിട്ടുള്ള അനുവാദം കിട്ടിയത് മാർച്ച് മാസത്തിലാണ്. അതിനുമുമ്പ് ക്ലാസ്സുകൾ തീരുന്നതിനുമുൻപ് പഠനം പൂർത്തിയാക്കേണ്ടതുണ്ട്. ജൂൺ മാസത്തിൽ ഈ പദ്ധതി ആരംഭിക്കേണ്ടതാണ്. അങ്ങനെയുള്ള ഒരു പഠനം സാങ്കേതികമായ കാര്യമാണ്. ഈ പർട്ടിക്കുലർ ഡിപ്പാർട്ടുമെന്റിനോടും ആഡിറ്റ് റിപ്പോർട്ട് നൽകുന്നതിനുമുൻപ് ഒരു എക്സ്പ്ലനേഷൻ ചോദിക്കേണ്ടതായിരുന്നു. അതൊക്കെ പിന്നീടാണ് ചോദിച്ചിരിക്കുന്നത്. ഇതിനുവേണ്ടിയുള്ള ഒബ്സർവേഷനൊക്കെ ഓൺ-ദി-സ്പോട്ട് പേമെന്റായിരുന്നു എന്നാണ്. ഏതായാലും യൂണിവേഴ്സിറ്റിയിൽനിന്നും ഒരു റിപ്പോർട്ട് വാങ്ങാം. ഓറലായി എനിക്കു കിട്ടിയ റിപ്പോർട്ടിൽ അങ്ങനെയൊരു തിരിമറി നടന്നിട്ടില്ല എന്നാണ്. ഏതായാലും യൂണിവേഴ്സിറ്റിയുടെ റിപ്പോർട്ട് വാങ്ങുന്നതാണ്.

(10) പാലക്കാട് തൃശ്ശൂർ ജില്ലകളിലെ ലെപ്രസി ഇൻസ്പെക്ടർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, പാലക്കാട് തൃശ്ശൂർ ജില്ലകളിൽ കഴിഞ്ഞ മൂന്നു വർഷക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന അറുപത്തിയഞ്ചോളം വരുന്ന ലെപ്രസി ഇൻസ്പെക്ടർമാരെ സ്ഥിരപ്പെടുത്തണമെന്ന ന്യായമായ ആവശ്യമാണ് എനിക്കു സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. ജനങ്ങൾ അറപ്പോടും വെറുപ്പോടുംകൂടി മാത്രം കണ്ടിരുന്ന കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിനായി, Multi Drug Therapy നടപ്പിലാക്കാൻ സാങ്കേതിക പരിശീലനം ലഭിച്ചവർ, പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാതിരുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി പരിശീലനത്തിന് തെരഞ്ഞെടുത്ത് നൂറനാട് ഗവൺമെന്റ് ലെപ്രസി ട്രെയിനിംഗ് സെന്ററിൽ സർക്കാർ ചെലവിൽ പരിശീലനം ലഭിച്ച ഇവർ കഴിഞ്ഞ 13 വർഷത്തിലധികമായി അവർ കുഷ്ഠരോഗികൾക്കിടയിൽ ആശ്വാസം പകർന്നു കൊണ്ട് ജീവകാരുണ്യപ്രവർത്തനം നടത്തുന്നവരാണ്. തങ്ങൾക്ക് സ്ഥിരം നിയമനം നൽകുന്നതിനായി നിരവധി നിവേദങ്ങൾ സർക്കാരിന് നൽകിയിട്ടുണ്ട്. പി.എസ്.സി. വഴി തെരഞ്ഞെടുക്കുന്നവർക്ക് നിയമനം നൽകിയ ശേഷം

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന ഒഴിവുകളിൽ ഇവരെ സ്ഥിരപ്പെടുത്തുന്നകാര്യം പരിഗണിക്കാമെന്ന് മറുപടി നൽകിയതാണ്. ഈ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നകാര്യത്തിൽ താമസംവിനാ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനു കേരളാ ഹൈക്കോടതി വിധിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന പരിശീലനം ലഭിച്ചവർക്കെല്ലാംതന്നെ നിയമനം നൽകിക്കഴിഞ്ഞിരിക്കുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിൽ ഇല്ല. ഒഴിവുകൾ ധാരാളമുണ്ട്. ഈ ഒഴിവുകൾ വർഷങ്ങളായി ഈ മേഖലയിൽ ജോലി നോക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് നികത്തേണ്ടതാണ്. കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി വിജയിപ്പിക്കാൻ സേവനമനുഷ്ഠിക്കുന്ന ഈ വിഭാഗം ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തേണ്ടത് നീതി മാത്രമാണ്. മറ്റൊരു ജോലി നേടാൻ പ്രായപരിധി കഴിഞ്ഞവരും പി.എസ്.സി. വഴി സ്ഥിരം നിയമനത്തിന് അപേക്ഷിക്കുന്നതിന് അവസരമില്ലാത്തവരും ആയവർ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. മറ്റു വകുപ്പുകളിലും മേഖലകളിലുമുള്ള താൽക്കാലിക ജീവനക്കാരുടെ കൂട്ടത്തിൽ ഇവരെ ഉൾപ്പെടുത്താതെ രാജ്യത്തിനുവേണ്ടി അർപ്പിക്കുന്ന സേവനം കണക്കിലെടുത്തുകൊണ്ട് മാനുഷിക പരിഗണന നൽകി ഇപ്പോൾ നിലവിലുള്ള ഒഴിവുകളിൽ ഇവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്ന ഔഷധ ചികിത്സയുടെ നടത്തിപ്പിനായി താൽക്കാലിക ലെപ്രസി ഇൻസ്പെക്ടർമാർക്ക് പരിശീലനം നൽകിയിരുന്നു. ഇവരെയൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാണ് തെരഞ്ഞെടുത്തിരുന്നത്. അത്തരത്തിൽപ്പെട്ട 73 പേരെ വിവിധ ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. ഈ കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മിഷന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. Modified Lepracy Campaign ന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ കണ്ടെത്തിയ 2000 പുതിയ കേസ്സുകളുൾപ്പെടെ 5000 കുഷ്ഠരോഗികളെ സംസ്ഥാനത്ത് കണ്ടെത്തിയിരുന്നു. ഇതുപോലും രണ്ടായിരാമാണ്ടോടുകൂടി കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന് കണക്കാക്കുന്നു. അത്തരം ഒരു സാഹചര്യത്തിൽ ലെപ്രസി ഇൻസ്പെക്ടർമാരുടെ സേവനം എത്രകാലം ആവശ്യമുണ്ടെന്നകാര്യം പരിശോധിച്ചതിനുശേഷം തീരുമാനിക്കേണ്ട കാര്യമാണ്. ഗവൺമെന്റ് അത് പരിശോധിക്കുന്നതാണ്.

(11) നെടുവത്തൂർ മണ്ഡലത്തിലെ വെളിനെല്ലൂർ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. എഴുകോൺ നാരായണൻ : സർ, നെടുവത്തൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന വെളിനെല്ലൂർ പഞ്ചായത്തിൽ പണി പൂർത്തിയാക്കിയ വെളിനെല്ലൂർ ശുദ്ധജലവിതരണ പദ്ധതി പമ്പിംഗ് നടത്തി പൂർണ്ണമായും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തണം. വെളിനെല്ലൂർ ശുദ്ധജലവിതരണപദ്ധതി പൂർണ്ണമായി പമ്പിംഗ് നടത്തുന്നതിന് തടസ്സമായി നിൽക്കുന്നത് വോൾട്ടേജ് ക്ഷാമമാണ്. ഇത് പരിഹരിക്കാൻ ജലസേചനവകുപ്പ് രണ്ടുലക്ഷം രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായി പംമ്പിംഗ് നടത്തി ജലവിതരണം നടത്താനുതകുന്നവിധം വെളിനെല്ലൂർ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

371/2010.

LIBRARY ARCHIVES Kerala Legislative Assembly